## കലയും സംസ്കാരവും

31. കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രം ഇപ്പോൾ 1938 വരെ മാത്രമേ ഔദ്യോഗികമായി രചിച്ചിട്ടുള്ളൂ എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനുശേഷമുള്ള കാലഘട്ടം കൂടി ഉൾപ്പെടുത്തി ഇത് പുതുക്കുന്നതാണ്.

32. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപ്പീഡിയാക് പബ്ലിക്കേഷൻസ് വഴി സർവ്വവിജ്ഞാനകോശത്തിന്റെ 10 വാല്യങ്ങൾ പുതുക്കി പ്രസിദ്ധീകരിക്കുന്നതിനായി ഞാൻ 10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. വാസ്തു വിദ്യാഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ ചരിത്രപ്രാധാന്യമുള്ളതും പുരാതന വാസ്തുശിൽപ ശൈലിയിൽ ഉള്ളതുമായ കെട്ടിടങ്ങളെക്കുറിച്ച് ഒരു പുസ്തകം രചിച്ച് പ്രസിദ്ധപ്പെടുത്തുന്നതും ചുവർ ചിത്രകലയ്ക്ക് ആവശ്യമായ പ്രചരണം നൽകുന്നതുമാണ്. ഇതിനായി ഞാൻ 5 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

33. സാംസ്കാരികവകുപ്പ് വിനോദസഞ്ചാരവകുപ്പുമായി യോജിച്ച് കേരളീയതയുടെ ശാലീനഭംഗിയും ചാരുതയും കോർത്തിണക്കി ഒരു "കേരളീയ പൈതൃക ഗ്രാമം" പുനഃസൃഷ്ടിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ഞാൻ 50 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

## പുരാരേഖാ വകുപ്പ്

34. സംസ്ഥാന സർക്കാരിന്റെ രേഖകളുടെ സംരക്ഷണം, പരിപാലനം, നടത്തിപ്പ് എന്നിവ പുരാരേഖാ വകുപ്പിന്റെ ചുമതലയാണ്. താളിയോലകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്.

## തലസ്ഥാന വികസനം

35. തലസ്ഥാന നഗരത്തിന്റെ വികസനം വളരെ നാളായി അവഗണിക്കപ്പെട്ടിരിക്കുകയായിരുന്നു. ഐക്യജനാധിപത്യ മുന്നണി സർക്കാർ 2001-ൽ അധികാരത്തിൽ വന്ന ശേഷമാണ് ഒരു പുതിയ ഉണർവ്വ് ഇക്കാര്യത്തിലുണ്ടായത്. ആന്റണി സർക്കാർ തുടങ്ങിവച്ച തലസ്ഥാന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച്, നടപ്പിലാക്കുന്നതിനും ഞാൻ പ്രതിജ്ഞാബദ്ധനാണ്. തലസ്ഥാനവികസനത്തിന് സർക്കാർ മുൻഗണന നൽകി ആവിഷ്കരിച്ച പദ്ധതികൾ തൃപ്തികരമായി പുരോഗമിച്ചുവരുന്നു. ഏകദേശം 42 കി.മീ. റോഡും മേൽപ്പാലങ്ങളും അണ്ടർപാസ്സുകളും ഉൾപ്പെടുന്ന തലസ്ഥാന വികസന പദ്ധതിയുടെ നടത്തിപ്പ് കേരള റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്തുകഴിഞ്ഞു. പാളയം അണ്ടർപാസിന്റെ നിർമ്മാണവും, പാളയം-എയർപോർട്ട് റോഡിന്റെ വീതി കൂട്ടലും നേരത്തെ നിശ്ചയിച്ച പ്രകാരം പുരോഗമിക്കുന്നു. ഇവയിൽ പലതും ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

36. വേളി ടൂറിസ്റ്റ് ഗ്രാമത്തെയും, ആക്കുളത്തെയും ബന്ധിപ്പിച്ച് കായലോര നടപ്പാത നിർമ്മാണവും പൂർത്തിയായിവരികയാണ്. ഇത് ഈ ടൂറിസ്റ്റ് കേന്ദ്രത്തിന് പുതിയ മുഖച്ഛായ നൽകുന്നതാണ്.

37. രണ്ട് വർഷം മുമ്പ് പ്രഖ്യാപിച്ച തിരുവനന്തപുരത്തെ ഐ.റ്റി. കോറിഡോറും താമസിയാതെ യാഥാർത്ഥ്യമാവുകയാണ്. ഈ പുതിയ അറിവിന്റെ കാമ്പസും ആക്കുളത്തെ നിർദ്ദിഷ്ട അന്താരാഷ്ട്ര കൺവെൻഷൻ എക്സ്പോ സെന്ററും തലസ്ഥാനത്തിന്റെ വികസന സാദ്ധ്യതയ്ക്ക് വരുംവർഷങ്ങളിൽ കാര്യമായ പുരോഗതി കൈവരുത്തുന്നതാണ്.

38. തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ എല്ലാവിധ വിദഗ്ദ ചികിത്സാസൗകര്യങ്ങളോടുംകൂടിയ ഒരു പത്തുനില സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതാണ്. അതിനായി 2005-06 ലെ ബജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തുന്നു. മെഡിക്കൽ കോളേജിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വാർഡുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും ശ്രമിക്കുന്നതാണ്. കുടപ്പനക്കുന്നിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സിവിൽ സ്റ്റേഷന്റെ പണി ഉടൻ ആരംഭിക്കുന്നതാണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

39. തിരുവനന്തപുരം നഗരത്തിലെ ശുചീകരണ പദ്ധതികളും അഴുക്കുചാൽ നിർമ്മാണവും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്. നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് ആനയറ, ശ്രീകാര്യം, വട്ടിയൂർക്കാവ് എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു നോർത്തേൺ റിംഗ് റോഡ് നിർമ്മിക്കുന്നതാണ്. ഇതിലേക്കായി 200 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

40. നഗരത്തിലെ കരമന, കിള്ളിയാർ, പാർവ്വതിപുത്തനാർ തുടങ്ങിയ നദികൾ വൃത്തിയാക്കി സൗന്ദര്യവൽക്കരിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതാണ്.

41. സെക്രട്ടേറിയറ്റിന് ചുറ്റുമുള്ള ഓഫീസുകളിലും കച്ചവട സ്ഥലങ്ങളിലും വന്നു പോകുന്ന പൊതുജനങ്ങൾ അഭിമുഖീകരിക്കുന്ന ഒരു ഗുരുതരമായ പ്രശ്നമാണ് ആവശ്യത്തിനുള്ള പാർക്കിംഗ് സ്ഥലത്തിന്റെ അഭാവം, പാർക്കിംഗ് സംബന്ധിച്ച ആവശ്യങ്ങൾ, സ്ഥലത്തിന്റെ ലഭ്യത എന്നിവയെ സംബന്ധിച്ച് ഒരു വിദഗ്ദ്ധ പഠനത്തിന് ശേഷം പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതാണ്.

## പ്രാദേശിക വികസന പദ്ധതികൾ

42. കൊച്ചി, കോഴിക്കോട് എന്നീ പട്ടണങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും അടിയന്തിരമായി വികസിപ്പിക്കേണ്ടതായിട്ടുണ്ട്. തലസ്ഥാന വികസന പദ്ധതി ആവശ്യമായ മാറ്റങ്ങളോടെ ഈ നഗരങ്ങളിലും നടപ്പിലാക്കുന്നതാണ്. ഈ മൂന്ന് നഗരങ്ങളെയും സാമ്പത്തിക വളർച്ചാകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുന്നതിനും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതു-സഹകാര്യ പങ്കാളിത്തത്തോടുകൂടി ഒരു സംവിധാനം നിലവിൽ വരേണ്ടതുണ്ട്. അതിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly